# വിവേകാനന്ദ

## എഡ്യൂക്കേഷണൽ & കൾച്ചറൽ ചാരിറ്റബിൾ ട്രസ്റ്റ്


കൊടകര, പി.ഒ. പേരാമ്പ്ര

രജി. നമ്പർ. 91/4/94

ഫോൺ : 8547381548

E-mail : vivekanandatrustperambra@gmail.com

Website : www.vivekanandatrustkodakara.com

YouTube www.youtube.com/c/veacct


# വാർഷിക റിപ്പോർട്ട്
# 2024-2025



## വാർഷിക പൊതുയോഗം

തിയ്യതി : 16.02.2026, തിങ്കളാഴ്ച

സമയം : ഉച്ചതിരിഞ്ഞ് 4 മണി

സ്ഥലം : സരസ്വതി വിദ്യാനികേതൻ സെൻട്രൽ സ്കൂൾ, പേരാമ്പ്ര

# സ്മരണാഞ്ജലി



വിണ്ണിൽ ഉദിച്ചുയർന്നൊരാദിത്യ ദേവനായ്...
വിണ്ണോർക്കെന്നും മാർഗദീപമായ്...
കരങ്ങൾ കാക്കും കർമ്മമണ്ഡലം ദീപ്തമായ്....
മനതാരിൽ എന്നുമുൾക്കരുത്തായ്...
ജ്വലിച്ചുയർന്നൊരു വെൺതാരകമേ...

അങ്ങേക്ക് ശതകോടി പ്രണാമം

സ്വർഗീയ പി ഇ ബി മേനോൻ
രക്ഷാധികാരി, വിവേകാനന്ദ ട്രസ്റ്റ്, കൊടകര
(09-10-2025)



2024-2025 അധ്യയന വർഷത്തെ സരസ്വതി വിദ്യാനികേതൻ
വാർഷികാഘോഷം പ്രശസ്ത സംഗീത സംവിധായകൻ
ശ്രീ വിദ്യാധരൻ മാസ്റ്റർ ഉദ്ഘാടനം നിർവ്വഹിക്കുന്നു.
സിനിമാതാരം അഞ്ജലി നായർ, ഇൻകംടാക്സ് കമ്മീഷണർ
ജ്യോതിസ് മോഹൻ എന്നിവർ സമീപം.



ബിവിഎൻ ജില്ലാ ശാസ്ത്രമേളയിൽ ഓവറോൾ കിരീടം നേടിയ
നന്തിക്കര ശ്രീരാമകൃഷ്ണ ടീം



സ്വർഗീയ കൃഷ്ണൻകുട്ടി സ്മരണാർത്ഥം
ഏർപ്പെടുത്തിയ ക്യാഷ് അവാർഡ്
ശ്രീരാമകൃഷ്ണ വിദ്യാനികേതനിലെ വിദ്യാർത്ഥിനി
ഗൗതമി സുരേഷ് ഏറ്റുവാങ്ങുന്നു.



ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ
നടന്ന അധ്യാപക പരിശീലനത്തിന്റെ ഉദ്ഘാടകൻ
എൻ ഹരീന്ദ്രൻ മാസ്റ്ററെ ട്രസ്റ്റ് വൈസ് ചെയർമാൻ
ശ്രീ. എ ജി ബാബു അവർകൾ അനുമോദിക്കുന്നു.

# വാർഷിക പൊതുയോഗ ക്ഷണപത്രിക

ധന്യാത്മൻ,

വിവേകാനന്ദ ട്രസ്റ്റിന്റെ പ്രവർത്തനം 32-ാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുവാനും വരുന്ന വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിക്കുവാനും വേണ്ടി ട്രസ്റ്റിന്റെ മുപ്പത്തിയൊന്നാം വാർഷിക പൊതുയോഗം **2026 ഫെബ്രുവരി 16-ാം തിയ്യതി തിങ്കളാഴ്ച വൈകീട്ട് 4 മണിക്ക് പേരാമ്പ്ര സരസ്വതി വിദ്യാനികേതൻ സ്കൂളിൽ** വച്ച് കൂടുവാൻ നിശ്ചയിച്ചിരിക്കുകയാണ്.

ഈ യോഗത്തിലേക്ക് ട്രസ്റ്റിന്റെ പ്രവർത്തനങ്ങളെ അകമഴിഞ്ഞ് സഹായിക്കുകയും അനുഗ്രഹിക്കുകയും ചെയ്തിട്ടുള്ള എല്ലാ അംഗങ്ങളേയും സ്നേഹാദരപൂർവ്വം ക്ഷണിക്കുന്നു. കൃത്യസമയത്തുതന്നെ എല്ലാവരും എത്തിച്ചേർന്ന് ഭാവി പ്രവർത്തനങ്ങൾക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ അഭ്യർത്ഥിക്കുന്നു.

എന്ന് ട്രസ്റ്റ് ഭരണസമിതിക്കുവേണ്ടി,

| | | |
|---|---|---|
| കൊടകര, | ചെയർമാൻ | സെക്രട്ടറി |
| 03-01-2026 | എൻ.പി.മുരളി | ടി.സി.സേതുമാധവൻ |

## കാര്യപരിപാടി

| | | |
|---|---|---|
| ദീപപ്രജ്വാലനം | - | **ഡോ. ഡി പ്രഭാകരൻ നായർ**, രക്ഷാധികാരി |
| പ്രാർത്ഥന | | |
| സ്വാഗതം | - | **ശ്രീ എ ജി ബാബു**, വൈസ് ചെയർമാൻ |
| അനുശോചനം | - | **ശ്രീ. എ ഡി തിലകൻ**, ഡയറക്ടർ |
| മിനുട്സ് പാസാക്കൽ | - | **ശ്രീ. ടി.സി.സേതുമാധവൻ**, സെക്രട്ടറി |
| പ്രവർത്തന വൃത്താന്തം | - | **ശ്രീ. ടി.സി.സേതുമാധവൻ**, സെക്രട്ടറി |
| അദ്ധ്യക്ഷപ്രസംഗം | - | **ശ്രീ. എൻ.പി.മുരളി**, ചെയർമാൻ |
| 2024-2025 ലെ കണക്ക് അവതരണം | - | **ശ്രീ. കെ.എസ്.സുരേഷ്**, ട്രഷറർ |
| ചർച്ച - ഭാവി പ്രവർത്തനങ്ങൾ | - | **ശ്രീ. എം.വേണുമാസ്റ്റർ** ഭാവിനി സംസ്ഥാന ഉപാദ്ധ്യക്ഷൻ |
| പ്രമേയാവതരണം | - | **ശ്രീ. എൻ.പി.ശിവൻ**, എക്സിക്യൂട്ടീവ് ഡയറക്ടർ |
| തെരഞ്ഞെടുപ്പ് | - | |
| അനുമോദനം | - | **ഡോ. എ രാധാകൃഷ്ണൻ**, രക്ഷാധികാരി |
| അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റ് കാര്യങ്ങൾ | - | |
| കൃതജ്ഞത | - | **ശ്രീ വി വി രാജേഷ്കുമാർ** ജോയ്ന്റ് സെക്രട്ടറി |

**കുറിപ്പ്:-**

1. ട്രസ്റ്റുമായി ബന്ധപ്പെട്ട ഏതെങ്കിലും കാര്യങ്ങൾ അറിയുവാൻ ആഗ്രഹിക്കുന്നവർ 2026 ഫെബ്രുവരി 7-ാം തിയ്യതിക്കുമുമ്പായി ട്രസ്റ്റോഫീസിൽ വിവരം എഴുതി നൽകേണ്ടതാണ്.
2. ട്രസ്റ്റിനുകീഴിലുള്ള വിദ്യാലയങ്ങളിൽ അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ വിജയദശമി ദിവസം മുതൽ ആരംഭിച്ചിരിക്കുന്നു. മെമ്പർമാരുടെ കുടുംബങ്ങളിൽ നിന്നുള്ള കുട്ടികളെ ചേർക്കുവാൻ അതാത് വിദ്യാലയവുമായി ബന്ധപ്പെടുക.
3. ട്രസ്റ്റ് മെമ്പർമാരുടെ അഡ്രസ്സിലോ മറ്റോ വരുന്ന മാറ്റങ്ങൾ ഇമെയിൽ മുഖേനെയോ 9447816868 എന്ന നമ്പറിലേക്ക് വാട്സ്ആപ് ആയോ അറിയിക്കണമെന്ന് അപേക്ഷ.
4. കഴിഞ്ഞ വർഷം ഉന്നത വിജയം/നേട്ടം കൈവരിച്ചിട്ടുള്ള ട്രസ്റ്റ് മെമ്പർമാരുടെ കുടുംബങ്ങളിലുള്ളവരെ അനുമോദിക്കുന്നതിനായി അവരുടെ പേരും വിവരങ്ങളും ഫെബ്രുവരി 7 ന് മുമ്പായി ട്രസ്റ്റോഫീസിൽ അറിയിക്കണമെന്ന് അപേക്ഷ.

**ട്രസ്റ്റിന്റെ പരിപാടികളും, അറിയിപ്പുകളും മെമ്പർമാരിലേക്ക് യഥാസമയം എത്തിക്കുന്നതിനായി എല്ലാ ട്രസ്റ്റ് അംഗങ്ങളും അവരുടെ വാട്സ്ആപ് നമ്പറും, ഇമെയിൽ അഡ്രസ്സും ദയവായി 9447816868 (ബിനേഷ്) എന്ന നമ്പറിലേക്ക് പേരും, വീട്ടുപേരും സഹിതം അയച്ചുതരണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.**

## തെരഞ്ഞെടുപ്പ് വിജ്ഞാപനം

വിവേകാനന്ദ ട്രസ്റ്റിന്റെ മുപ്പത്തിയൊന്നാമത് വാർഷികപൊതുയോഗത്തോടനുബന്ധിച്ച് ട്രസ്റ്റ് നിയമാവലി 23(a) അനുസരിച്ച്, നിയമിതനായ റിട്ടേണിംങ് ഓഫീസർ പ്രസിദ്ധപ്പെടുത്തുന്ന തെരഞ്ഞെടുപ്പ് അറിയിപ്പ്

തീയതി 03-01-2026

പ്രിയ ബന്ധു നമസ്ക്കാരം,

വിവേകാനന്ദ എഡ്യൂക്കേഷണൽ ആന്റ് കൾച്ചറൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ ഭരണസമിതിയിലേക്ക് 03-01-2026 ൽ അംഗീകരിച്ച വോട്ടേഴ്സ് ലിസ്റ്റ് പ്രകാരം 31-12-2025 വരെ അംഗത്വം എടുത്തവർക്ക്, 4 അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുവേണ്ടിയുള്ള തെരഞ്ഞെടുപ്പ് 2026 ഫെബ്രുവരി 16-ാം തിയ്യതി നടത്തുന്നതാണ്.

**തെരഞ്ഞെടുപ്പ് സംബന്ധിച്ച വിവരങ്ങൾ:**

തെരഞ്ഞെടുപ്പ് സംബന്ധിച്ച കാര്യങ്ങൾ പേരാമ്പ്ര സരസ്വതി വിദ്യാലയത്തിലെ ട്രസ്റ്റോഫീസ് മുഖേന നടത്തേണ്ടതാണ്.

- വോട്ടർ പട്ടിക പ്രസിദ്ധീകരണം 05-01-2026 രാവിലെ 10 മണി
- നാമനിർദ്ദേശപത്രിക വിതരണം 28-01-2026 രാവിലെ 10 മണി മുതൽ
- നാമനിർദ്ദേശപത്രിക സ്വീകരിക്കുന്നത് 03-02-2026 രാവിലെ 10 മണി മുതൽ 04-02-2026 ഉച്ചക്ക് 3 മണി വരെ
- നാമനിർദ്ദേശപത്രിക സൂക്ഷ്മപരിശോധന 05-02-2026 രാവിലെ 10 മണിക്ക്
- സ്ഥാനാർത്ഥി ലിസ്റ്റ് പ്രസിദ്ധീകരണം 05-02-2026 ഉച്ചതിരിഞ്ഞ് 3 മണിക്ക്
- സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി 06-02-2026 വൈകുന്നേരം 3 മണി വരെ.
- അന്തിമ സ്ഥാനാർത്ഥി പട്ടിക പ്രസിദ്ധീകരണം 06-02-2026 വൈകുന്നേരം 4 മണിക്ക്.

മത്സരം ഉണ്ടാകുന്ന പക്ഷം രഹസ്യബാലറ്റടിസ്ഥാനത്തിൽ 16-02-2026 ഉച്ചക്ക് 12 മണി മുതൽ 3 മണി വരെയുള്ള സമയത്ത് സരസ്വതി വിദ്യാനികേതൻ സെൻട്രൽ സ്കൂളിൽ വച്ച് തെരഞ്ഞെടുപ്പ് നടത്തുന്നതും തുടർന്ന് വോട്ടുകൾ എണ്ണി ഫലം പ്രഖ്യാപിക്കുന്നതുമാണ്. അഭിപ്രായ വോട്ടെടുപ്പെങ്കിൽ അജണ്ടയിൽ പറഞ്ഞതനുസരിച്ച് പൊതുയോഗ സമയത്ത് തെരഞ്ഞെടുപ്പ് നടത്തി അപ്പോൾ തന്നെ ഫലം പ്രഖ്യാപിക്കുന്നതാണ്.

എന്ന്, ട്രസ്റ്റിനുവേണ്ടി

ഒപ്പ്

എം.വേണുമാസ്റ്റർ

റിട്ടേണിംങ് ഓഫീസർ

(വിദ്യാനികേതൻ സംസ്ഥാന ഉപാദ്ധ്യക്ഷൻ)

കൊടകര,

03-01-2026

## 2024 ഡിസംബർ 8–ാം തിയ്യതി നടന്ന വാർഷിക പൊതുയോഗത്തിന്റെ സംക്ഷിപ്ത റിപ്പോർട്ട്

വിവേകാനന്ദ എഡ്യൂക്കേഷണൽ ആന്റ് കൾച്ചറൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ 30–ാം വാർഷിക പൊതുയോഗം 2024 ഡിസംബർ 8–ാം തിയ്യതി ഞായറാഴ്ച രാവിലെ 11 മണിക്ക് പേരാമ്പ്ര സരസ്വതി വിദ്യാനികേതൻ സ്കൂളിൽ വച്ച് കൂടുകയുണ്ടായി. ബഹു. ട്രസ്റ്റ് ചെയർമാൻ ശ്രീ.എൻ.പി.മുരളി അവർകളുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രക്ഷാധികാരി ഡോ ഡി പ്രഭാകരൻ നായർ ദീപപ്രജ്വാലനം നടത്തി. ഈശ്വര പ്രാർത്ഥനക്കുശേഷം വൈസ് ചെയർമാൻ ശ്രീ എ ജി ബാബു അവർകൾ യോഗത്തിൽ പങ്കെടുത്തവർക്ക് സ്വാഗതം ആശംസിച്ചു. തുടർന്ന് കഴിഞ്ഞ വർഷം നമ്മെ വിട്ടുപിരിഞ്ഞ ട്രസ്റ്റ് മെമ്പർമാരായ ടി എം വാസുദേവൻ, തെക്കൂട്ട് വീട്, കനകമല കൂടാതെ സാമൂഹിക, സാംസ്ക്കാരിക, രാഷ്ട്രീയ, രാജനൈതിക രംഗങ്ങളിലെ നമ്മെ വിട്ടുപിരിഞ്ഞവർ, നാടിന്റെ രക്ഷയ്ക്കുവേണ്ടി ജീവൻ ബലിയർപ്പിച്ച ധീരജവാന്മാർ, ത്യാഗോജ്ജ്വലമായ പ്രവർത്തനം കാഴ്ചവച്ച് മണ്ണിലേക്ക് മടങ്ങിയ ഈ പുണ്യാത്മാക്കളെ സ്മരിച്ചുകൊണ്ട് ഡയറക്ടർ ശ്രീ.എം കൃഷ്ണകുമാർ അവർകൾ അനുശോചനം രേഖപ്പെടുത്തി. അതിനുശേഷം ഒരു മിനിട്ട് മൗനം ആചരിച്ചു. ശേഷം ശാന്തിമന്ത്രം ചൊല്ലി.

മുൻയോഗ മിനുട്സ് സെക്രട്ടറി ശ്രീ.ടി.സി.സേതുമാധവൻ അവർകൾ അവതരിപ്പിച്ചു. അത് ഓങ്കാരത്തോടെ പാസാക്കി. തുടർന്ന് 2023-2024 ലെ പ്രവർത്തന വൃത്തവും അവതരിപ്പിച്ചു. ട്രസ്റ്റ് ചെയർമാൻ ശ്രീ എൻ പി മുരളി അവർകൾ യോഗത്തിൽ അദ്ധ്യക്ഷ പ്രസംഗം നടത്തി. 2023-24 ലെ കണക്കുകൾ ട്രഷറർ ശ്രീ.കെ.എസ്. സുഗേഷ് അവർകൾ അവതരിപ്പിച്ചു. കഴിഞ്ഞ വർഷം ടോയ്‌ലറ്റ് നിർമ്മാണത്തിന് സിഎസ്ആർ ഫണ്ട് 4 ലക്ഷം രൂപ കിട്ടിയതും സ്കോളർഷിപ്പ് ഇനത്തിൽ 20 ലക്ഷം രൂപ കൊടുത്തതും ട്രഷറർ ശ്രീ കെ എസ് സുഗേഷ് അവർകൾ തന്റെ കണക്ക് അവതരണത്തിലൂടെ സൂചിപ്പിച്ചു. കണക്കുകൾ ഓങ്കാരത്തോടെ പാസാക്കി.

ചർച്ചകൾക്ക് ട്രസ്റ്റ് രക്ഷാധികാരി ഡോ ഡി പ്രഭാകരൻ നായർ അവർകൾ നേതൃത്വം നൽകി. സാമ്പത്തികശാസ്ത്രത്തിൽ രണ്ട് തരത്തിലുള്ള സാമ്പത്തിക അച്ചടക്കം ഉണ്ടെന്നും അതിൽ ഒന്ന് വരവ് അനുസരിച്ച് ചെലവാക്കുക എന്നതും മറ്റൊന്ന് ചെലവനുസരിച്ച് വരവ് കണ്ടെത്തുക എന്നതുമാണ്. ട്രസ്റ്റ് ഈ രണ്ട് കാര്യങ്ങളിലും പ്രത്യേകം ശ്രദ്ധിച്ചാൽ കൂടുതൽ മുന്നോട്ട് പോകാമെന്നും ചർച്ച നയിച്ച ഡോ ഡി പ്രഭാകരൻ നായർ അവർകൾ പറഞ്ഞു.

സ്വർഗീയ ടി എം കൃഷ്ണൻകുട്ടി സ്മരണാർത്ഥം, ട്രസ്റ്റിന് കീഴിലുള്ള വിദ്യാലയങ്ങളിൽ പത്താം ക്ലാസ് പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിക്ക് ഏർപ്പെടുത്തിയ ക്യാഷ് അവാർഡിന് അർഹയായത് ശ്രീരാമകൃഷ്ണ വിദ്യാനികേതനിലെ 600 ൽ 587 മാർക്ക് നേടിയ ഗൗതമി സുരേഷ് ആണ്. കൂടാതെ പത്താം ക്ലാസ് സിബിഎസ്ഇ പരീക്ഷയിൽ എല്ലാ വിഷയത്തിനും A1 നേടിയ ട്രസ്റ്റ് മെമ്പർ ഷിബു ഇ ആർ അവർകളുടെ മകൾ അമൃത ഷിബു, ചാർട്ടേട് അക്കൗണ്ടന്റ് പരീക്ഷ പാസായ ട്രസ്റ്റ് വൈസ് ചെയർമാൻ ശ്രീ എ ജി ബാബു അവർകളുടെ മകൾ അമൃതപ്രിയ എ ബി, ബി ആർക്കിൽ മൂന്നാം റാങ്ക് കരസ്ഥമാക്കിയ ട്രസ്റ്റ് മെമ്പർ ദിൽ തറയിൽ അവർകളുടെ മകൾ ഗോപിക ദിൽ എന്നിവരെയും ഡോക്ടറേറ്റ് നേടിയ വിവേകാനന്ദ വിദ്യാനികേതൻ വിദ്യാലയത്തിലെ പ്രിൻസിപ്പാൾ ഡോ രമാദേവി കെ എന്നിവരെയും യോഗത്തിൽ രക്ഷാധികാരി ഡോ എ രാധാകൃഷ്ണൻ അവർകൾ അനുമോദിച്ചു.

തീവ്ര ഇസ്ലാമിക രാജ്യങ്ങളിൽ പോലുമില്ലാത്ത വഖഫ് നിയമം റദ്ദ് ചെയ്യണമെന്ന് ആഹ്വാനം ചെയ്തുകൊണ്ട് ജോയ്ന്റ് സെക്രട്ടറി ശ്രി വി വി രാജേഷ്കുമാർ അവർകൾ അവതരിപ്പിച്ച പ്രമേയം മെമ്പർ ശ്രീ ടി വി വിജു അവർകൾ പിന്താങ്ങി. പ്രമേയം ഓങ്കാരത്തോടെ പാസാക്കി. ട്രസ്റ്റ് എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ എൻ പി ശിവൻ അവർകൾ യോഗത്തിൽ പങ്കെടുത്തവർക്ക് കൃതജ്ഞത രേഖപ്പെടുത്തി. തുടർന്ന് മംഗളശ്ലോകത്തോടെ യോഗം പര്യവസാനിച്ചു.

എന്ന്, സ്നേഹത്തോടെ,

| | |
|---|---|
| ചെയർമാൻ | സെക്രട്ടറി |
| എൻ.പി.മുരളി | ടി.സി.സേതുമാധവൻ |

## പ്രവർത്തന വൃത്തം

ഭാരതീയ സംസ്കൃതിയുടെ മഹത്വം ലോകജനതക്ക് മുന്നിൽ അവതരിപ്പിച്ച സ്വാമി വിവേകാനന്ദന്റെ നാമധേയത്തിൽ 1994 ൽ പുറനാട്ടുകര ശ്രീരാമകൃഷ്ണാശ്രമത്തിലെ മഠാധിപതിയായിരുന്ന സംപൂജ്യ മൃഢാനന്ദ സ്വാമികളുടെ പവിത്ര കരങ്ങളാൽ ആരംഭിച്ച വിവേകാനന്ദ എഡ്യൂക്കേഷണൽ ആന്റ് കൾച്ചറൽ ചാരിറ്റബിൾ ട്രസ്റ്റ് അതിന്റെ പ്രവർത്തനം 31 വർഷം പൂർത്തീകരിച്ചിരിക്കുകയാണ്. ഒരു സിബിഎസ്ഇ സീനിയർ സെക്കണ്ടറി അഫിലിയേറ്റഡ് വിദ്യാലയവും, ഒരു ഹയർ സെക്കണ്ടറി അഫിലിയേറ്റഡ് വിദ്യാലയവും, ഒരു എൻഐഒഎസ് അഫിലിയേറ്റഡ് വിദ്യാലയവും, ഒരു എയ്ഡഡ് യു.പി. വിദ്യാലയവും, ഒരു ഹോസ്റ്റലും അടക്കം അഞ്ച് സ്ഥാപനങ്ങളാണ് ട്രസ്റ്റിനുള്ളത്. ട്രസ്റ്റിലെ വിദ്യാലയങ്ങളിലായി ഇപ്പോൾ 2413 വിദ്യാർത്ഥികളും 139 അധ്യാപകരും 86 അനധ്യാപകരും സേവനമനുഷ്ഠിക്കുന്നു. വിവിധ സ്ഥാപനങ്ങളിലായി സ്വന്തമായ 39 വാഹനങ്ങളും 1460 സെന്റ് സ്ഥലവും ട്രസ്റ്റിന് സ്വന്തമായിട്ടുണ്ട്. ട്രസ്റ്റിന് നിലവിൽ 688 മെമ്പർമാരാണുള്ളത്.

1994 ൽ ട്രസ്റ്റിന്റെ പ്രാരംഭകാലഘട്ടത്തിൽ സ്ഥാപനം സാക്ഷാത്കരിക്കാൻ ആവശ്യമായ പ്രേരണയും, പിന്തുണയും നൽകിയ, ആരംഭകാലം മുതൽ രക്ഷാധികാരിയായി ട്രസ്റ്റിന് മാർഗ്ഗദർശനം തന്നുകൊണ്ടിരുന്ന, ശ്രേഷ്ഠ വ്യക്തിത്വം ശ്രീ പി ഇ ബി മേനോൻ അവർകൾ 2025 ഒക്ടോബർ 9 ന് നമ്മെ വിട്ടുപിരഞ്ഞു എന്നത് ട്രസ്റ്റിനെ സംബന്ധിച്ചിടത്തോളം ഒരു തീരാനഷ്ടമാണ്. അദ്ദേഹത്തിന് ആദരാഞ്ജലി അർപ്പിക്കാനായി 2025 ഒക്ടോബർ 13 ന് ഒരു അനുസ്മരണ യോഗം സംഘടിപ്പിച്ചു. രാഷ്ട്രീയ സ്വയംസേവക സംഘം മുതിർന്ന പ്രചാരകനും സംസ്ഥാന കുടുംബപ്രബോധൻ സംയോജകനുമായ മാന്യ സി കെ ചന്ദ്രൻ അവർകൾ അനുസ്മരണ യോഗത്തിൽ പങ്കെടുത്തു.

2025 മെയ് മാസത്തിൽ ട്രസ്റ്റിലെ മുഴുവൻ അധ്യാപകർക്കും വേണ്ടിയുള്ള ട്രെയ്നിംഗ് ശ്രീരാമകൃഷ്ണ വിദ്യാനികേതനിൽ വച്ച് നടത്തുകയുണ്ടായി. മഴുവഞ്ചേരി ഭാരതീയ വിദ്യാവിഹാർ സ്കൂൾ മാനേജർ ശ്രീ എൻ ഹരീന്ദ്രൻ മാസ്റ്റർ, പ്രജ്യോതി നികേതൻ കോളജ് പ്രൊഫസർ ഡോ മിലുമരിയ ആന്റോ, സരസ്വതി സ്കൂൾ പ്രിൻസിപ്പാൾ ശ്രീ റോഷൻ പി നായർ എന്നിവർ അധ്യാപകർക്ക് വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നടത്തി. സരസ്വതി വിദ്യാനികേതനിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു കുട്ടിക്ക് ചികിത്സാ സഹായമായി ഒരു ലക്ഷം രൂപ കൊടുക്കുകയുണ്ടായി. 2025-26 അധ്യയന വർഷത്തിൽ സരസ്വതി വിദ്യാനികേതനിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന, പഠിക്കാൻ മിടുക്കരായ 7 വിദ്യാർത്ഥികൾക്ക് പഠന ചെലവിലേക്കായി ഒരു ലക്ഷത്തി നാല്പതിനായിരം രൂപ അമേരിക്കൻ മലയാളി കൂട്ടായ്മയായ അക്ഷരം മിഷനിൽ നിന്നും ലഭിച്ചു. ട്രസ്റ്റ് ഡയറക്ടർ ശ്രീമതി ജയശ്രീ ആർ മേനോൻ അവർകളുടെ ശ്രമഫലമായി കഴിഞ്ഞ നാല് വർഷമായി ഈ സഹായം ലഭിച്ചുകൊണ്ടിരിക്കുന്നു. പിതാവ് മരണപ്പെട്ട സരസ്വതി സ്കൂളിലെ ഒരു വിദ്യാർത്ഥിനിയുടെ പഠനച്ചെലവ് വൈസ് ചെയർമാൻ ശ്രീ എ ജി ബാബു അവർകൾ ഏറ്റെടുത്തു. 2024-25 അധ്യയന വർഷത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അർഹരായ വിദ്യാർത്ഥികൾക്ക് ട്രസ്റ്റ് 18 ലക്ഷം രൂപയുടെ സ്കോളർഷിപ്പ് നല്കുകയുണ്ടായി. ക്യുബസ്റ്റ് ടെക്നോളജീസ് എന്ന സ്ഥാപനത്തിന്റെ സിഎസ്ആർ ഫണ്ട് ഉപയോഗിച്ച് ജനത സ്കൂളിൽ 4,13,700 രൂപ ചെലവിൽ നിർമ്മിച്ച ടോയ്‌ലറ്റ് ബ്ലോക്ക് പ്രവർത്തന സജ്ജമായി.

### സരസ്വതി വിദ്യാനികേതൻ സെൻട്രൽ സ്കൂൾ, കൊടകര

ഫോൺ 9048383804

**Email: saraswathycbse179@gmail.com**

**Website: www.saraswathycbsekodakara.com**

വിവേകാനന്ദ ട്രസ്റ്റിന്റെ പ്രഥമസംരംഭമായ സരസ്വതി വിദ്യാനികേതൻ അതിന്റെ പ്രവർത്തനം 32-ാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. ISO 9001-2015 അംഗീകാരത്തോടെ പ്രവർത്തിക്കുന്ന വിദ്യാലയത്തിൽ ശ്രീ ടി കെ സതീഷ് മാനേജരായും ശ്രീ റോഷൻ പി നായർ പ്രധാന അധ്യാപകനായും സേവനമനുഷ്ഠിക്കുന്നു. വിദ്യാലയത്തിൽ ഫൗണ്ടേഷൻ സ്റ്റേജ് (പ്രീസ്കൂൾ 2-ാം ക്ലാസ് വരെ) മിഡിൽ സ്റ്റേജ് (6 മുതൽ 8-ാം ക്ലാസ് വരെ) സെക്കണ്ടറി സ്റ്റേജ് (9-ാം ക്ലാസ് മുതൽ പ്ലസ്ടു വരെ) വിഭാഗങ്ങളിലായി 921 വിദ്യാർത്ഥികളും 62 അധ്യാപകരും 36 അനധ്യാപകരുമാണ് ഉള്ളത്. സിബിഎസ്ഇ പൊതുപരീക്ഷകൾക്ക് വർഷങ്ങളായി വിദ്യാലയം സെന്റായി പ്രവർത്തിച്ചുവരുന്നു.

സിബിഎസ്ഇ ബോർഡ് അക്കാദമിക് പെർഫോർമൻസ് റിപ്പോർട്ട് കാർഡ് അനുസരിച്ച് സ്കൂൾ ആവറേജ് പത്താം ക്ലാസിൽ 72.2%, പന്ത്രണ്ടാം ക്ലാസിൽ 77.4% വും, സംസ്ഥാന തലത്തിൽ ഇത് യഥാക്രമം 79.67%, 82.23% വുമാണ്. കഴിഞ്ഞ പ്ലസ്ടു പരീക്ഷയിൽ 96.2% മാർക്ക് വാങ്ങി ആദിദേവ് സി സുരേഷ് സയൻസ് വിഭാഗത്തിലും, 93.4% മാർക്ക് വാങ്ങി നിരഞ്ജന കെ എസ് കൊമേഴ്സ് വിഭാഗത്തിലും, 84.2% മാർക്ക് വാങ്ങി ആദി മേനോൻ ഹ്യൂമാനിറ്റിസ് വിഭാഗത്തിലും വിദ്യാലയത്തിൽ ഒന്നാം സ്ഥാനത്തെത്തി. പരീക്ഷ എഴുതിയ 62 വിദ്യാർത്ഥികളിൽ 34 പേർ ഡിസ്റ്റിംഗ്ഷനും 27 പേർ ഫസ്റ്റ് ക്ലാസും, 1 സെക്കന്റ് ക്ലാസും നേടി. ഇതിൽ 7 പേർക്ക് 90% ന് മുകളിൽ മാർക്ക് ലഭിച്ചു. 3 പേർ എല്ലാ വിഷയത്തിലും **A1** നേടി. പത്താം ക്ലാസിൽ കൃഷ്ണൻ എൻ വി 97.4% മാർക്കോടെ വിദ്യാലയത്തിൽ ഒന്നാമതെത്തി. പരീക്ഷയെഴുതിയ 81 വിദ്യാർത്ഥികളിൽ 49 പേർ ഡിസ്റ്റിംഗ്ഷൻ നേടി. ഇതിൽ 18 പേർക്ക് 90% ന് മുകളിൽ മാർക്ക് ലഭിച്ചു. 7 പേർ എല്ലാ വിഷയത്തിലും **A1** നേടി. പ്ലസ്ടു പരീക്ഷയിൽ ആദിദേവ് സി സുരേഷ്, പത്താം ക്ലാസിൽ കൃഷ്ണൻ എൻ വി, ഋതുലക്ഷ്മി ഇ ബി എന്നിവർ സംസ്കൃതത്തിൽ 100 ൽ 100 മാർക്കും കരസ്ഥമാക്കി. ആദിദേവ് സി സുരേഷ് നീറ്റ് പരീക്ഷയിൽ യോഗ്യത നേടി ഉപരിപഠനത്തിനായി **BAMS**ന് ചേർന്നു. ഏറ്റവും നല്ല അക്കാദമിക് നിലവാരം പുലർത്തുന്ന വിദ്യാലയത്തിനുള്ള എംഎൽഎ അവാർഡ് ഈ വർഷവും ലഭിച്ചു.

2024-25 വർഷത്തെ ഭാരതീയ വിദ്യാനികേതൻ ജില്ലാ കായികമേളയിൽ വിദ്യാലയം ഓവറോൾ ഒന്നാം സ്ഥാനം നേടി. ബിവിഎൻ സോണൽ അത്‌ലറ്റിക് മീറ്റിൽ 4x100 മീറ്റർ റിലേയിൽ പി ഡി കൃഷ്ണവേണി ഒന്നാം സ്ഥാനം നേടി. 3000 മീറ്റർ ഓട്ടം, 1500 മീറ്റർ ഓട്ടം, 4x400 മീറ്റർ റിലേ എന്നിവയിൽ ഇ ജെ ജയലക്ഷ്മി രണ്ടാം സ്ഥാനം നേടി. 4x400 മീറ്റർ (ആൺ) റിലേയിൽ ധനഞ്ജയ് ഭാസ്കർ, നികേത് എസ് നായർ എന്നിവർക്ക് മൂന്നാം സ്ഥാനം ലഭിച്ചു. 110 മീറ്റർ ഹഡിൽസിൽ അക്ഷജ് എ വി രണ്ടാം സ്ഥാനം നേടുകയും 4x100 മീറ്റർ റിലേയിൽ നാഷണൽ അത്‌ലറ്റിക് മീറ്റിലേക്ക് തെരഞ്ഞെടുക്കുകയും, നാഷണൽ തലത്തിൽ വിജയിച്ച് ഭാരതത്തിലെ എല്ലാം സംസ്ഥാനങ്ങളിലേയും സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഏറ്റവും ഉയർന്ന അത്‌ലറ്റിക് മേളയായ **SGFI** യിലേക്ക് യോഗ്യത നേടുകയും ചെയ്തു. ജനം ടി വി യുടെ പുത്തൻ പുലരി - പരിപാടിയിൽ 9-ാം ക്ലാസ് വിദ്യാർത്ഥിയായ അക്ഷജിനെക്കുറിച്ച് വാർത്തയും വന്നിരുന്നു. ബിവിഎൻ ഫുട്ബോൾ ബാല വിഭാഗം മത്സരത്തിൽ സ്കൂൾ ജില്ലാ ചാമ്പ്യന്മാരാകുകയും ഈ ടീമിലെ 8 കുട്ടികൾ നാഷണൽ തലം വരെ എത്തുകയും ചെയ്തു. ഫുട്ബോൾ കിഷോർ വിഭാഗത്തിലെ 2 കുട്ടികൾ സോണൽ തലം വരെ എത്തുകയും തരുൺ വിഭാഗത്തിലെ ഒരു കുട്ടി നാഷണൽ തലം വരെ എത്തുകയും ചെയ്തു. ബിവിഎൻ ജില്ലാ ഖൊ-ഖൊ മത്സരത്തിൽ കിഷോർ വിഭാഗം ആൺകുട്ടികൾ ഒന്നാം സ്ഥാനവും ബാല പെൺകുട്ടികൾ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. സംസ്ഥാന ഖൊ-ഖൊ മത്സരത്തിൽ വിദ്യാലയത്തിലെ 11 വിദ്യാർത്ഥികളെ ജില്ലാ ടീമിലേക്ക് തെരഞ്ഞെടുക്കുകയും സംസ്ഥാന തലത്തിൽ നടന്ന ബാല, കിഷോർ ആൺ, പെൺ വിഭാഗങ്ങളിൽ രണ്ടാം സ്ഥാനം ലഭിക്കുകയും ചെയ്തു. ബിവിഎൻ ജില്ലാ കബഡി മത്സരത്തിൽ ശിശു ആൺ വിഭാഗം, ബാല പെൺ വിഭാഗം, കിഷോർ പെൺ വിഭാഗം എന്നിവയിൽ രണ്ടാം സ്ഥാനം ലഭിച്ചു.

ബിവിഎൻ ജില്ലാ യോഗാസന മത്സരത്തിൽ ഓവറോൾ മൂന്നാം സ്ഥാനം ലഭിച്ചു. ഇതിൽ ശിശു പെൺ വിഭാഗം, കിഷോർ പെൺ വിഭാഗം എന്നിവയിൽ ഒന്നാം സ്ഥാനവും കിഷോർ ആൺ വിഭാഗം മൂന്നാം സ്ഥാനവും ലഭിച്ചു. സോണൽ തല യോഗാ ചാമ്പ്യൻഷിപ്പിൽ ട്രഡീഷണൽ ആന്റ് റിഥമാറ്റിക്ക് യോഗാ മത്സരത്തിൽ ആഞ്ചല അരുൺ ഒന്നാം സ്ഥാനത്തോടെ നാഷണൽ തലത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ബിവിഎൻ ജില്ലാ ചെസ്സ് ചാമ്പ്യൻഷിപ്പിൽ ബാല ആൺ വിഭാഗത്തിൽ ശ്രാവൺ എൻ ജയ്, ശ്രീറാം എൻ എസ് എന്നിവർ ഒന്നാം സ്ഥാനവും, തരുൺ പെൺ വിഭാഗത്തിൽ ശ്വേത പി എസ്, തരുൺ ആൺ വിഭാഗത്തിൽ അഭിനവ് ബാബു, അർഷിൻ അനിൽകുമാർ എന്നിവർ മൂന്നാം സ്ഥാനവും നേടി. ബിവിഎൻ ജില്ലാ ഖൊ-ഖൊ മത്സരത്തിൽ കിഷോർ ആൺ വിഭാഗം ഒന്നാം സ്ഥാനവും ബാല പെൺ വിഭാഗം രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ബിവിഎൻ ജില്ലാ കബഡി മത്സരത്തിൽ ശിശു ആൺ വിഭാഗം, ബാല പെൺ വിഭാഗം, കിഷോർ പെൺ വിഭാഗം എന്നിവയിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി.

ബിവിഎൻ ജില്ലാ ശാസ്ത്രമേളയിൽ ഓവറോൾ രണ്ടാം സ്ഥാനം ലഭിച്ചു. 7-ാം ക്ലാസ് വിദ്യാർത്ഥിനി വർഷ എം നായർ സോണൽ ശാസ്ത്രമേളയിൽ ഗണിത വിഭാഗത്തിൽ ഒന്നാം സ്ഥാനവും നാഷണൽ തലത്തിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. കൂടാതെ സ്വനിക് എസ് നായർ, അഭിനന്ദ ബിജു എന്നിവർ സോണൽ തലത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

സിബിഎസ്ഇ ജില്ലാ സഹോദയ കലോത്സവത്തിൽ ഈസ്റ്റേൺ വയലിനിൽ ചന്ദ്രമൗലി ഇ എസ് ഒന്നാം സ്ഥാനവും, ഹിന്ദി പദ്യം ചൊല്ലൽ - അഭിറാം ഗിരീഷ്കുമാർ, ലളിതഗാനം - ആർദ്ര പി ഹരികൃഷ്ണൻ രണ്ടാം സ്ഥാനവും, നാടോടി നൃത്തം - ലക്ഷ്മി പാർവ്വതി, മലയാളം പദ്യം ചൊല്ലൽ - പി ആർജ കൃഷ്ണ, വാട്ടർ കളർ പെയ്ന്റിംഗ് - വേദിക സി വിനേഷ്, നാടോടി നൃത്തം, മോണോ ആക്റ്റ്, മോഹിനിയാട്ടം - വർഷ എം നായർ, ഭരതനാട്യം - ദേവനന്ദ എ ബി, സംസ്കൃതം പദ്യം ചൊല്ലൽ - അഞ്ജിത പ്രതാപ്, അഭിറാം ഗിരീഷ്കുമാർ, ലളിതഗാനം - ഉജ്ജ്വൽദേവ് പി എസ് എന്നിവർ മൂന്നാം സ്ഥാനത്തിനും അർഹരായി. കൂടാതെ നിരവധി കുട്ടികൾ എ ഗ്രേഡും കരസ്ഥമാക്കി. സിബിഎസ്ഇ പോഡ്കാസ്റ്റിൽ പ്ലസ് ടു വിദ്യാർത്ഥിനി കെ എസ് ഹരിപ്രിയക്ക് സെലക്ഷൻ ലഭിച്ചു. ബിവിഎൻ ജില്ലാ കലോത്സവത്തിൽ 514 പോയ്ന്റോടെ ഓവറോൾ രണ്ടാം സ്ഥാനം കരസ്ഥമാക്കി.

ബിവിഎൻ സംസ്കൃതിബോധ് പരിയോജന അധ്യാപകർക്കായി നടത്തിയ പ്രബന്ധ രചനാ മത്സരത്തിൽ കൃഷ്ണപ്രസാദ് സി എം ജില്ലാ തലത്തിൽ ഒന്നാം സ്ഥാനവും, സംസ്ഥാന തലത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ചിന്മയ ഇന്റർനാഷണൽ ഫൗണ്ടേഷന്റെ സംസ്കൃതോത്സവത്തിൽ സംസ്കൃതനാടകം ഒന്നാം സ്ഥാനവും പ്രബന്ധ രചനാ മത്സരത്തിൽ ഹരിപ്രിയ കെ എസ് ഒന്നാം സ്ഥാനവും, ഇഷാൻ സുധീഷ് രണ്ടാം സ്ഥാനവും നേടി.

സമർപ്പണ രാമായണ ഫെസ്റ്റ് 2025 സീനിയർ സെക്കണ്ടറി വിഭാഗത്തിൽ രാമായണ പ്രശ്നോത്തരിയിൽ കനവ് കൽഹാർ, ഋതുലക്ഷ്മി എന്നിവർ ഒന്നാം സ്ഥാനവും രാമായണ പാരായണത്തിൽ അഭിറാം ഗിരീഷ്കുമാർ രണ്ടാം സ്ഥാനവും, ഗ്രൂപ്പ് ഡാൻസ് രണ്ടാം സ്ഥാനവും നേടുകയുണ്ടായി. ശ്രീനാരായണഗുരു ജയന്തിയോടനുബന്ധിച്ച് ഇന്റർ സ്കൂൾ മത്സരങ്ങളിൽ യു പി വിഭാഗം മലയാളം പദ്യം ചൊല്ലലിൽ നിവേദിത എം എസ് രണ്ടാം സ്ഥാനവും, ഹൈസ്കൂൾ മലയാളം ഉപന്യാസരചന മത്സരത്തിൽ അപർണ ടി മേനോൻ രണ്ടാം സ്ഥാനവും, ഇംഗ്ലീഷ് പ്രസംഗത്തിൽ അൻവിക ലെനിൻ മൂന്നാം സ്ഥാനവും നേടി.

രണ്ടാം ക്ലാസ് വിദ്യാർത്ഥി വ്യോമ് പ്രജോദ് 5 മിനിറ്റിനുള്ളിൽ 200 അപൂർവ്വ മൃഗങ്ങളെ തിരിച്ചറിഞ്ഞ് നോളജ് ആന്റ് മെമ്മറി വിഭാഗത്തിൽ ഏഷ്യ ബുക്ക് ഓഫ് റെക്കോർഡ്സും, ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സും നേടി വിദ്യാലയത്തിന്റെ യശസ്സുയർത്തി. ഇന്ത്യൻ നേവി സംഘടിപ്പിച്ച തിങ്ക് ക്വിസ് 2025 മത്സരത്തിൽ പ്ലസ് ടു വിദ്യാർത്ഥികളായ അക്ഷയ് പി പ്രിയേഷ്, എസ് ജയേഷ്, ശ്രീഹരി വി എസ്, സൂര്യനന്ദ ആനന്ദ് എന്നിവർ മത്സരത്തിന്റെ റീജിയണൽ റൗണ്ട് വരെ എത്തി. ആഗസ്റ്റ് 12 ന് മെഗാ ടിങ്കറിംഗ് ദിനത്തിൽ നടന്ന പ്രൊജക്ട് നിർമ്മാണത്തിൽ വിദ്യാർത്ഥികൾ പങ്കെടുക്കുകയും നിതിആയോഗ് സർട്ടിഫിക്കറ്റ് ലഭിക്കുകയും ചെയ്തു. സൈലം സെൻട്രൽ സോൺ ഗ്രേറ്റ് ഇന്ത്യൻ ബാറ്റിൽ എക്സാമിൽ പ്ലസ് വൺ വിദ്യാർത്ഥി പവൻ ഷാജൻ പാലക്കാട്, തൃശ്ശൂർ, എറണാകുളം ജില്ലകളിൽ വച്ച് ഏറ്റവും ഉയർന്ന മാർക്ക് നേടി വിദ്യാലയത്തിന്റെ അഭിമാനമായി.

2024-25 വർഷത്തെ വിദ്യാലയത്തിന്റെ 31-ാം വാർഷികാഘോഷം പ്രശസ്ത സംഗീത സംവിധായകൻ ശ്രീ വിദ്യാധരൻ മാസ്റ്റർ, ചലച്ചിത്രതാരം ശ്രീമതി അഞ്ജലി നായർ, ഇൻകം ടാക്സ് കമ്മീഷണർ ശ്രീ ജ്യോതിസ്സ് മോഹൻ എന്നിവർ ചേർന്ന് ഉദ്ഘാടനം നിർവ്വഹിച്ചു. പൂർവ്വ വിദ്യാർത്ഥികളുമായുള്ള ഓൺലൈൻ മീറ്റിംഗ് നടത്തിവരുന്നുണ്ട്. ലോകത്തിലെ പരിസ്ഥിതി ശാസ്ത്രജ്ഞൻമാരിൽ തെരഞ്ഞെടുക്കപ്പെട്ട രണ്ട് ശതമാനത്തിനുള്ളിൽ പൂർവ്വ വിദ്യാർത്ഥിയായ ആകാശ് ബാലകൃഷ്ണൻ ഇടംപിടിച്ചു എന്നുള്ളത് അഭിനന്ദനാർഹമാണ്. സാമൂഹ്യ പ്രതിബദ്ധത വളർത്തുന്നതിന്റെ ഭാഗമായി കൊടകര പഞ്ചായത്തിൽ അതിദാരിദ്ര്യം അനുഭവിക്കുന്ന പത്ത് കുടുംബങ്ങൾക്ക് വർഷങ്ങളായി എല്ലാ മാസവും വിദ്യാർത്ഥികൾ ഭക്ഷണ സാധനങ്ങൾ എത്തിച്ചുകൊടുത്തുകൊണ്ടിരിക്കുന്നു.

**സ്വാമി വിവേകാനന്ദ ഹോസ്റ്റൽ, പേരാമ്പ്ര**

തികഞ്ഞ അച്ചടക്കവും സുരക്ഷിതത്വവും ഉറപ്പാക്കികൊണ്ട് ആൺകുട്ടികൾക്കായി ഹോസ്റ്റൽ സരസ്വതി സ്കൂൾ ക്യാമ്പസിൽ കഴിഞ്ഞ 20 വർഷമായി പ്രവർത്തിച്ചുവരുന്നു. ഹോസ്റ്റലിലെ വിദ്യാർത്ഥികളിൽ 12 പേർ മണിപ്പൂരിൽ നിന്നുള്ള വിദ്യാർത്ഥികളാണ്.

**ശ്രീരാമകൃഷ്ണ വിദ്യാനികേതൻ പബ്ലിക് സ്കൂൾ, നന്തിക്കര**

ഫോൺ 9526757206, 9495849570

**Email:sreeramakrishna.srkvn@gmail.com**

**Website: www.sreeramakrishnavidyanikethan.com**

കൊടകര വിവേകാനന്ദ ട്രസ്റ്റിന്റെ കീഴിൽ 1995 ൽ പ്രവർത്തനമാരംഭിച്ച നന്തിക്കര ശ്രീരാമകൃഷ്ണ വിദ്യാനികേതൻ പബ്ലിക് സ്കൂളിന്റെ പ്രവർത്തനം 31-ാം വർഷത്തിലൂടെ മാനേജർ ശ്രീ രാഗേഷ് സി, പ്രിൻസിപ്പാൾ ശ്രീമതി വിജയലക്ഷ്മി എന്നിവരുടെ നേതൃത്വത്തിൽ പ്രീകെജി മുതൽ 10 വരെ 1232 വിദ്യാർത്ഥികളും, 58 അധ്യാപകരും, 41 അനധ്യാപകരുമായി മുന്നോട്ടു പോകുന്നു.

2024-25 അധ്യയനവർഷത്തിലെ സിബിഎസ്ഇ പത്താം ക്ലാസ് പരീക്ഷയിൽ 500 ൽ 488 മാർക്ക് നേടി വൈഗ കെ ആർ, അനാമിക വിനോദ് എന്നിവർ വിദ്യാലയത്തിൽ ഒന്നാമതെത്തി. പരീക്ഷയെഴുതിയ 72 പേരിൽ 5 കുട്ടികൾ എല്ലാ വിഷയത്തിലും **A1** നേടുകയുണ്ടായി. സംസ്കൃതത്തിൽ 3 വിദ്യാർത്ഥികളും, മലയാളം, ഹിന്ദി, ഐടി വിഷയങ്ങളിൽ ഓരോ വിദ്യാർത്ഥികളും 100 ൽ 100 മാർക്കും കരസ്ഥമാക്കി. ഉന്നത വിജയത്തിനർഹരായവർക്കുള്ള അനുമോദനം ഇരിങ്ങാലക്കുട ഡിഇഒ ശ്രീമതി ഷൈല ടി അവർകൾ നിർവ്വഹിച്ചു.

2025-26 ബിവിഎൻ ജില്ലാ ശാസ്ത്രമേളയിൽ ശിശു-ബാല-കിഷോർ ഒന്നാം സ്ഥാനത്തോടെ, 262 പോയ്ന്റ് നേടി ഓവറോൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി. സംസ്ഥാന ശാസ്ത്രമേളയിൽ ഒന്നാം സ്ഥാനത്തെത്തിയ ദർശിക ഷിനിൽ വിദ്യാഭാരതി ദേശീയ ഗണിതമേളയിൽ മൂന്നാം സ്ഥാനത്തിനർഹയായി. വിദ്യാനികേതൻ ജില്ലാ കലാമേള സാരസ്വതം 2025 ൽ 550 പോയ്ന്റോടെ തുടർച്ചയായി 8-ാം തവണ ഓവറോൾ കിരീടം നിലനിർത്തി. തൃശ്ശൂർ സെൻട്രൽ സഹോദയ അധ്യാപകർക്കും, വിദ്യാർത്ഥികൾക്കുമായി സംഘടിപ്പിച്ച കലോത്സവങ്ങളിൽ വിദ്യാലയം മികച്ച പ്രകടനം കാഴ്ചവച്ചു.

ബിവിഎൻ ജില്ലാ ഖൊ-ഖൊ ചാമ്പ്യൻഷിപ്പിൽ ശിശു ആൺ, പെൺ വിഭാഗത്തിലും, ബാല ആൺ, പെൺ വിഭാഗത്തിലും കിഷോർ പെൺ വിഭാഗത്തിലും ഒന്നാം സ്ഥാനവും കിഷോർ ആൺ വിഭാഗത്തിൽ രണ്ടാം സ്ഥാനവും നേടി. തൃശ്ശൂർ സെൻട്രൽ സഹോദയ ഖൊ-ഖൊ ചാമ്പ്യൻഷിപ്പിൽ വിദ്യാലയം ഒന്നാം സ്ഥാനത്തിനർഹയായി. പത്താം ക്ലാസ് വിദ്യാർത്ഥി ശ്രീരാമകൃഷ്ണൻ എ എസ് ബിവിഎൻ സംസ്ഥാന ഫുട്ബോൾ ടീമിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും സോണൽ മത്സരത്തിൽ പങ്കെടുക്കുകയും ചെയ്തു. വിദ്യാഭാരതി നാഷണൽ അത്‌ലറ്റിക് മീറ്റിൽ അണ്ടർ 17 പെൺ വിഭാഗത്തിൽ ലക്ഷ്മിപ്രിയ എസ് ആർ 400 മീറ്റർ ഹഡിൽസിൽ പങ്കെടുക്കുകയും നാലാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. യോഗാസന ചാമ്പ്യൻഷിപ്പിൽ തൃശ്ശൂർ സെൻട്രൽ സഹോദയയിലും, ഭാരതീയ വിദ്യാനികേതനിലും വിദ്യാലയം രണ്ടാം സ്ഥാനം കരസ്ഥമാക്കി. തൃശ്ശൂർ സെൻട്രൽ സഹോദയ മാത്സ് ടാലന്റ് ഹണ്ടിൽ കാർത്തിക് ശങ്കർ ടോപ് സ്കോറർ ആയി.

8 ഗ്രാമസമിതികളെ കേന്ദ്രീകരിച്ച് 2025 ജൂലായ് 20, 27 തിയ്യതികളിൽ രാമായണ മാസാചരണം നടത്തി. നവരാത്രിയോടനുബന്ധിച്ച് 1500 ൽ പരം അമ്മമാരെ പങ്കെടുപ്പിച്ച് വിവിധ പരിപാടികളോടെ വിദ്യാലയത്തിൽ മാതൃപൂജ നടത്തി. പരിപാടിയിൽ ട്രാവൽ വ്ളോഗർ ശ്രീമതി ഗീതാരാമചന്ദ്രൻ, മകൻ ശരത്കൃഷ്ണ, പ്രഭാഷകൻ അനൂപ് വൈക്കം എന്നിവർ വിശിഷ്ടാതിഥികളായിരുന്നു. സ്കൂൾ ശാസ്ത്രമേള സി-മെറ്റ് സീനിയർ സൈന്റിസ്റ്റ് ഡോ.മുരളീധരൻ ഉദ്ഘാടനം ചെയ്തു. വിദ്യാലയത്തിലെ അടൽ ടിങ്കറിംഗ് ലാബിൽ രൂപകല്പന ചെയ്ത റോബോർട്ട് സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് ഉദ്ഘാടനം നിർവ്വഹിച്ചത്.

വിദ്യാലയം സമൂഹത്തിലേക്ക് എന്ന ലക്ഷ്യവുമായി മൂന്ന് വയസു മുതൽ 4 വയസുവരെയുള്ള കുട്ടികൾക്കായി ടാലന്റ് ഹണ്ട് മത്സരം നടത്തി. 12 ഗ്രാമപഞ്ചായത്തുകളിൽ ഉൾപ്പെട്ട അംഗൻവാടി അധ്യാപകർക്കായി ബോധവത്ക്കരണവും സമാദരണവും നടത്തി.

2024-25 വർഷത്തെ കെജി മുതൽ നാലാം ക്ലാസ് വരെയുള്ള സ്കൂൾ വാർഷികം നാദം 2024 ന്റെ ഉദ്ഘാടനം പല്ലൊട്ടി 90 കിഡ്സ് ഫെയിം നീരജ്കൃഷ്ണയും ഡാവിഞ്ചിയും ചേർന്ന് നിർവ്വഹിച്ചു. അഞ്ച് മുതൽ 10-ാം ക്ലാസ് വരെയുള്ള വാർഷികാഘോഷം റിഥം 2024 ന്റെ ഉദ്ഘാടനം സിനിമാതാരം അനിൽ ആന്റോ, മികച്ച സ്വഭാവ നടിക്കുള്ള പുരസ്ക്കാരം ഏറ്റുവാങ്ങിയ ഭാരതീയ വിദ്യാനികേതൻ പൂർവ്വ വിദ്യാർത്ഥിനി ശ്രീഷ്മ ചന്ദ്രൻ എന്നിവർ നിർവ്വഹിച്ചു.

## ജനത യു.പി.സ്കൂൾ, വരന്തരപ്പിള്ളി

ഫോൺ 0480 2763858

**Email:jupskulvarandarappilly@gmail.com**

വിദ്യാലയത്തിൽ 5,6,7 ക്ലാസ്സുകളിൽ ഇംഗ്ലീഷ്-മലയാളം മീഡിയങ്ങളിലായി 103 കുട്ടികൾ പഠിക്കുന്നു. ശ്രീ കെ ആർ ദിനേശൻ മാനേജരായും ശ്രീമതി കെ രജനി ഹെഡ്മിസ്ട്രസ്സ് ആയും സേവനമനുഷ്ഠിക്കുന്ന വിദ്യാലയത്തിൽ 7 അധ്യാപകരും ഒരു അനധ്യാപക ജീവനക്കാരനുമാണ് ഉള്ളത്. ശ്രീരാമകൃഷ്ണ സേവാശ്രമം വിദ്യാലയത്തിന് ആധുനിക സയൻസ് ലാബ് സംഭാവന ചെയ്തു. ഉപജില്ലാതല ശാസ്ത്ര, പ്രവൃത്തി പരിചയമേളകളിൽ അഭിനവ് ബിജു ഡിജിറ്റൽ പെയ്ന്റിംഗ്, ആൻമരിയ സിനു പേപ്പർ ക്രാഫ്റ്റ് എന്നിവയിൽ എ ഗ്രേഡ് നേടി. ഉപജില്ലാ കലോത്സവത്തിൽ കാർത്തികേയൻ സംസ്കൃതം സിദ്ധരൂപോച്ചാരണത്തിൽ എ ഗ്രേഡ് ഒന്നാം സ്ഥാനം നേടി. ചാന്ദ്രദിനത്തിൽ **AI** ഡിസൈൻ, പോഡ്കാസ്റ്റ് നിർമ്മാണം എന്നിവയും, സ്വാതന്ത്ര്യദിനത്തിൽ മോണോലോഗുകളും വിദ്യാലയത്തിൽ അവതരിപ്പിച്ചു. പുകയില വിരുദ്ധ ബോധവത്ക്കരണ പരിപാടികൾ വിദ്യാലയത്തിൽ നടന്നു. ഹരിത സഭയുടെ നേതൃത്വത്തിൽ പാഴ്‌വസ്തു നിർമ്മാണം കമ്പോസ്റ്റിംഗ് എന്നിവയിൽ പരിശീലനം നൽകി.

## ഹരിശ്രീ വിദ്യാനികേതൻ പബ്ലിക് സ്കൂൾ, തുമ്പൂർ

ഫോൺ : 0480 2788858, 7356836957

**Email: harisreevidyanikethan@yahoo.com**

വിദ്യാലയം ഗ്രാമത്തിന്റെ ചേതനാകേന്ദ്രം ആയിരിക്കണമെന്ന ഭാരതീയ വിദ്യാനികേതന്റെ ആശയത്തിൽ നിന്നും പ്രേരണ ഉൾക്കൊണ്ട് വിദ്യാലയത്തോടൊപ്പം ഗ്രാമവും വളരുക എന്ന ലക്ഷ്യം വെച്ച് കഴിഞ്ഞ 17 വർഷമായി തുമ്പൂരിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. 9 ഡിവിഷനുകളിലായി 157 വിദ്യാർത്ഥികളും 12 അധ്യാപകരും 5 അനധ്യാപകരും സേവനമനുഷ്ഠിക്കുന്നു. കുട്ടികളുടെ സമഗ്രമായ വികാസത്തിനായി സിബിഎസ്ഇ പാഠ്യപദ്ധതി പിന്തുടരുന്നു. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകികൊണ്ട് ഭാരതീയ വിദ്യാനികേതൻ അനുശാസിക്കുന്ന പഞ്ചാംഗ ശിക്ഷണത്തിലൂടെ കുട്ടികളുടെ വ്യക്തിത്വവികസനവും, ചതുർഭാഷാ പഠനവും ഉറപ്പുവരുത്തുന്നു. ഭാരതീയ വിദ്യാനികേതൻ ജില്ലാ കലാമേളയിൽ ബാല വിഭാഗം തിരുവാതിരക്കളിയിൽ രണ്ടാം സ്ഥാനവും, ശിശു വിഭാഗത്തിൽ നാടൻപാട്ടിലും, സംസ്കൃതം പ്രസംഗത്തിലും മൂന്നാം സ്ഥാനവും ലഭിച്ചു. ശിശു വിഭാഗത്തിൽ 74 പോയ്ന്റോടെ ഓവറോൾ നാലാം സ്ഥാനത്തെത്തി. ബിവിഎൻ ജില്ലാ ശാസ്ത്രമേളയിൽ 2 ഇനത്തിൽ എ ഗ്രേഡ് ഫസ്റ്റും, ഒരു ഇനത്തിൽ സെക്കന്റും, രണ്ടിനത്തിൽ തേർഡ് എ ഗ്രേഡും ലഭിച്ചു. ബിവിഎൻ ടാലന്റ് മാത്സ് പരീക്ഷയിൽ നാല് വിദ്യാർത്ഥികൾ ജില്ലാതല റാങ്കുകൾ നേടി. ബിവിഎൻ ജില്ലാതല ഖൊ-ഖൊ മത്സരത്തിൽ ശിശു വിഭാഗത്തിൽ രണ്ടാം സ്ഥാനം നേടി. അഞ്ചാം ക്ലാസ് വിദ്യാർത്ഥിനി ദേവനന്ദ സുബീഷിന് ജില്ല അസ്സോസ്സിയേഷൻ ഖൊ-ഖൊ ടീമിലേക്ക് സെലക്ഷൻ കിട്ടുകയും സംസ്ഥാന തല മത്സരത്തിൽ രണ്ടാം സ്ഥാനത്തെത്തുകയും ചെയ്തു. കുട്ടികളുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി ടാലന്റ് പരീക്ഷയും അബാക്കസ്, കരാട്ടെ, നൃത്തം, കളരി, ചെണ്ട, യോഗ എന്നിവയും നടത്തിവരുന്നു. അംഗൻവാടി അധ്യാപകർക്കും രക്ഷിതാക്കൾക്കും വേണ്ടി സ്പന്ദനം 2025 എന്ന പരിപാടി സംഘടിപ്പിച്ച് ക്ലാസുകൾ നടത്തുകയും കുട്ടികൾക്ക് വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. യോഗാപരിശീലനം, ആരോഗ്യബോധവത്ക്കരണ ക്ലാസ്, പാരന്റിംഗ് ക്ലാസ്, ഭഗവദ്ഗീത പാരായണം, ജന്മദിനാഘോഷങ്ങൾ എന്നിവ വിദ്യാലയത്തിൽ നടത്തിവരുന്നു.

ശിശുവാടിക കുട്ടികൾക്ക് വേണ്ടി മഴദിനം, വർണ്ണദിനം തുടങ്ങിയ പരിപാടികളും, രക്ഷാകർത്താക്കൾക്ക് സോപാനം ക്ലാസുകളും നടത്തി. വിദ്യാലയത്തിൽ **Parliament Election, Investiture ceremony** എന്നിവ നടത്തി. ഫീൽഡ് വിസിറ്റിന്റെ ഭാഗമായി തൃശ്ശൂർ മ്യൂസിയം, ഇരിങ്ങാലക്കുട ഫയർ സ്റ്റേഷൻ എന്നിവ വിദ്യാർത്ഥികൾ സന്ദർശിച്ചു.

നാളിതുവരെ ട്രസ്റ്റിന്റെ പ്രവർത്തനത്തിൽ സഹകരിച്ച എല്ലാ മഹദ്‌വ്യക്തികളോടും, സജ്ജനങ്ങളോടും കൃതജ്ഞത രേഖപ്പെടുത്തുന്നതോടൊപ്പം ഭാവിയിലും ട്രസ്റ്റിനെയും, ട്രസ്റ്റിലെ സ്ഥാപനങ്ങളെയും കാലഘട്ടത്തിനനുസൃതമായ രീതിയിൽ കൂടുതൽ ഉയരങ്ങളിലേക്ക് നയിക്കാൻ സാന്നിധ്യംകൊണ്ടും സഹകരണംകൊണ്ടും പൂർണമായ പിന്തുണ നല്കുമെന്ന പ്രതീക്ഷയോടെ, ഈ വാർഷിക റിപ്പോർട്ട് നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

എന്ന്,

രാഷ്ട്രസേവനാർത്ഥം,

ചെയർമാൻ<br>എൻ.പി.മുരളി

സെക്രട്ടറി<br>ടി.സി.സേതുമാധവൻ

## FORM NO.10B

(See rule 16CC and 17B)

**AUDIT REPORT UNDER CLAUSE (b) OF THE TENTH PROVISO TO CLAUSE (23C) OF SECTION 10 AND SUB-CLAUSE (ii) OF CLAUSE (b) OF SUBSECTION (1) OF SECTION 12A OF THE INCOME TAX ACT 1961, IN THE CASE OF A FUND OR TRUST OR INSTITUTION OR ANY UNIVERSITY OR OTHER EDUCATIONAL INSTITUTION OR ANY HOSPITAL OR OTHER MEDICAL INSTITUTION.**

We have examined the balance sheet of VIVEKANANDA EDUCATIONAL AND CULTURAL CHARITABLE TRUST as at 31-Mar-2025 and the Income and Expenditure account or Profit and Loss account for the year ended on that date are in agreement with the books of account maintained by the said fund or trust or institution or university or other educational institution or hospital or other medical institution.

We have obtained all the information and explanations to the best of our knowledge and belief which are necessary for the purposes of the audit.

In our opinion, proper books of account have been maintained at the registered office of the above named fund or trust or institution or university or other educational institution or hospital or other medical institution at the address mentioned at serial number 14 of the Annexure:

In our opinion and to the best of our information and according to explanations given to us, the partuculars give in the Annexure are true and correct subject to following observations or qualifications-

In our opinion and to the best of our information, and according to information given to us, the said accounts give a true and fair view-

(i) in the case of the balance sheet, of the state of affairs of the above named trust as on 31st March 2025; and

(ii) in the case of the Income and Expenditure account or profit and loss account, of the income and application or profit or loss of its accounting year ending on 31st March 2025.

| | | |
|---|---|---|
| | **Name** | **MOHANDAS ANCHERY** |
| | **Membership Number** | **ARCA036726** |
| **THRISSUR** <br> **30/10/2025** | **FRN (Firm Registration Number)** | **0002116S** |
| | **Address** | **3rd FLOOR, SREE RESIDENCY, PRESS CLUB ROAD, THRISSUR** |

VIVEKANANDA EDUCATIONAL AND CULTURAL CHARITABLE TRUST , KODAKARA

## CONSOLIDATED BALANCE SHEET AS ON 31.03.2025

| CAPITAL £ LIABILITIES | 31.03.2025 | 31.03.2024 |
|---|---|---|
| Capital Account | 10,000.00 | 10,000.00 |
| Reserve & Surplus | 5,11,48,323.85 | 4,97,28,760.89 |
| Government Grant | 2,22,348.86 | 4,10,124.86 |
| CSR Fund | 4,13,700.00 | - |
| Secured loan | 1,43,42,705.63 | 1,26,37,126.84 |
| Un secured loan | 73,73,621.00 | 50,35,851.00 |
| Current liabilities | 48,32,557.52 | 58,74,463.42 |
| **Total Rs** | **7,83,43,256.86** | **7,36,96,327.01** |
| **PROPERTIES & ASSETS** | **31.03.2025** | **31.03.2024** |
| Fixed assets | 6,56,83,902.63 | 6,45,54,431.93 |
| Current assets & Loans & advances | | |
| A. Current assets | 95,74,354.23 | 54,33,203.08 |
| B. Loans & advances | 30,85,000.00 | 37,08,692.00 |
| **Total Rs** | **7,83,43,256.86** | **7,36,96,327.01** |

CHAIRMAN SECRETARY TREASURER

For MOHANDAS AND ASSOCIATES

CHARTERED ACCOUNTANTS

THRISSUR
25/10/2025

MOHANDAS ANCHERY

(PARTNER)

(M.No.036726 FRN. :002116S)

**VIVEKANANDA EDUCATIONAL & CULTURAL CHARITABLE TRUST, KODAKARA**

**CONSOLIDATED INCOME AND EXPENDITURE ACCOUNT FOR THE YEAR ENDED ON 31.03.2025**

| | EXPENDITURE | AMOUNT | | INCOME | AMOUNT |
|---|---|---|---|---|---|
| To | Opening stock | 78,297.00 | By | Admission Fees | 15,83,850.00 |
| " | Advertisement | 1,92,836.25 | " | Application Fee | 36,650.00 |
| " | AMC | 78,085.00 | " | Bank Interest | 2,58,212.20 |
| " | AI Class Expenses | 3,10,000.00 | " | Digital Education Fee | 25,01,428.00 |
| " | ATL Related event | 26,505.00 | " | Donation | 1,77,000.00 |
| " | Audit fee | 54,280.00 | " | Mess fee | 9,01,500.00 |
| " | Bank Charges | 78,875.06 | " | Montessori Fee | 1,59,100.00 |
| " | Bike Expense | 24,796.00 | " | Other Income | 1,386.46 |
| | BVN Contribution | 7,58,465.00 | " | Text book | 52,31,972.00 |
| " | Building Insurance | 14,705.00 | " | Membership Fees | 2,000.00 |
| " | Building & Land Tax | 25,116.00 | " | Special Fee | 86,00,889.00 |
| " | Building Fitness Expense | 1,000.00 | " | Tuition Fee | 4,61,40,210.25 |
| " | CBSE Affiliation Renewal | 1,00,863.00 | " | Vidhya Suraksha Nidhi | 6,90,575.00 |
| " | CCSK membership Fee | 15,000.00 | " | Vehicle Fee | 2,36,74,327.00 |
| " | Cleaning Expense | 11,190.00 | " | Establishment fee | 78,000.00 |
| " | Computer Expense | 2,12,959.00 | " | Pre-Kg fee | 4,50,000.00 |
| " | Coolie & daily wages | 5,74,901.00 | " | Extra curricular activity | 4,33,645.00 |
| " | Digital Education | 18,80,065.00 | " | Government Grant | 1,87,776.00 |
| " | Electrical Maintenance | 1,76,697.00 | " | Welfare Fee | 1,16,558.00 |
| " | Electricity Charges | 8,25,499.00 | " | Late Fee | 15,700.00 |
| " | Employee Benefit Exp | 4,28,46,073.00 | " | Interest on Income Tax Refund | 4,530.00 |
| " | Extra curricular expense | 2,39,400.00 | " | Neet Exam Fee Received | 5,000.00 |
| " | Endowment | 5,000.00 | " | Closing stock | 18,17,408.77 |
| " | Food Expenses-Hostel | 7,00,192.00 | | (As valued & Certified | |
| " | Fire & Safety expense | 24,247.00 | | by the secretary) | |
| " | Filing Charge | 39,843.00 | | | |
| " | Fees Concession & Discount | 15,18,075.00 | | | |
| " | Garden expense | 85,655.00 | | | |
| " | Generator expense | 57,925.00 | | | |
| " | Herbal Plant Expense | 6,924.00 | | | |
| " | Internet Expense | 67,092.00 | | | |
| " | Interest on TDS | 2,102.00 | | | |
| " | Interest on Govt. Grant | 9,223.20 | | | |
| " | ISO Expense | 9,500.00 | | | |
| " | Lab Expense | 2,51,894.00 | | | |
| " | Loan interest & Charges | 10,62,575.21 | | | |
| " | Medical Expense | 1,58,614.00 | | | |
| " | Meeting Expense | 53,328.00 | | | |
| " | Miscellaneous Expense | 8,995.00 | | | |
| " | Montessori Expense | 19,730.00 | | | |
| " | News paper & Periodicals | 43,620.00 | | | |
| " | NIOS Affiliation Expense | 29,400.00 | | | |
| " | Other Programme Expense | 17,07,021.50 | | | |

| EXPENDITURE | | AMOUNT | INCOME | AMOUNT |
|---|---|---|---|---|
| “ | Other Expense | 25,550.00 | | |
| “ | Plumbing Expense | 11,050.00 | | |
| “ | Postage | 4,896.00 | | |
| “ | Pre-KG Expense | 72,550.00 | | |
| “ | Printing & Stationery | 12,97,742.00 | | |
| “ | Painting Expense | 1,55,198.00 | | |
| “ | Professional charges | 1,49,500.00 | | |
| “ | Rent | 1,73,000.00 | | |
| “ | Repairs & Maintenance | 19,84,197.00 | | |
| “ | Scholarship | 2,64,317.00 | | |
| “ | Security Service Charge | 5,10,500.00 | | |
| “ | Software Expense | 23,950.00 | | |
| “ | Sports & Game Expense | 1,78,290.00 | | |
| “ | Staff Welfare Expense | 5,23,690.00 | | |
| “ | Subscription | 5,000.00 | | |
| “ | Teachers Training Exp | 4,41,627.00 | | |
| “ | Telephone Charge | 26,083.00 | | |
| “ | Text Book | 58,75,948.59 | | |
| “ | Travelling Expense | 3,29,428.00 | | |
| “ | TV Expense | 3,640.00 | | |
| “ | Vehicle Expense | 1,50,36,686.00 | | |
| “ | Vehicle Hiring | 19,97,300.00 | | |
| “ | Vehicle Loan Interest | 4,90,204.09 | | |
| “ | Water Charges | 48,439.00 | | |
| “ | Website Expense | 20,500.00 | | |
| “ | Fixed Assets Written off | 1,577.68 | | |
| “ | Depreciation | 76,10,728.14 | | |
| “ | Excess of Income over Expenditure | 14,19,562.96 | | |
| **Total Rs.** | | **9,30,67,717.68** | **Total Rs.** | **9,30,67,717.68** |

**CHAIRMAN** **SECRETARY** **TREASURER**

**For MOHANDAS AND ASSOCIATES**

**CHARTERED ACCOUNTANTS**

**MOHANDAS ANCHERY**

**(PARTNER)**

**(M.No.036726 FRN. :002116S)**

**THRISSUR**
**25/10/2025**



നന്തിക്കര ശ്രീരാമകൃഷ്ണ വിദ്യാനികേതനിൽ
നടന്ന മാതൃപൂജ



ഹരിശ്രീ
വിദ്യാനികേതനിൽ
ജ്യോതിഷാചാര്യൻ
മുരളീധരൻ
പടിഞ്ഞാറ്റേടത്ത്
ആദ്യാക്ഷരം
കുറിക്കുന്നു.




മികച്ച അക്കാദമിക്കിനുള്ള എംഎൽഎ പുരസ്കാരം
ശ്രീ ഹരിശങ്കർ ഐപിഎസ് ൽ നിന്നും
സരസ്വതി സ്കൂൾ പ്രിൻസിപ്പാൾ
ശ്രീ റോഷൻ പി നായർ സ്വീകരിക്കുന്നു.




2024–2025 അധ്യയന വർഷത്തെ ശ്രീരാമകൃഷ്ണ
വിദ്യാനികേതനിലെ വാർഷികാഘോഷം
സിനിമ താരങ്ങളായ അനിൽ ആന്റോ, ശ്രീഷ്മ ചന്ദ്രൻ
എന്നിവർ ചേർന്ന് നിർവ്വഹിക്കുന്നു.



എസ്ജിഎഫ്ഐ അത്‌ലറ്റിക് മീറ്റിലേക്ക് സെലക്ഷൻ
കിട്ടിയ സരസ്വതി സ്കൂളിലെ
ഒമ്പതാം ക്ലാസ് വിദ്യാർത്ഥി എ വി അക്ഷജിനെ
അനുമോദിക്കുന്നു.



പഠന യാത്രയുടെ ഭാഗമായി
ഹരിശ്രീ വിദ്യാനികേതനിലെ വിദ്യാർത്ഥികൾ
തൃശ്ശൂർ ശക്തൻ തമ്പുരാൻ പാലസ്
മ്യൂസിയം സന്ദർശിക്കുന്നു.



ബിവിഎൻ ജില്ലാ കലോത്സവത്തിൽ തുടർച്ചയായി
എട്ടാം തവണയും ഓവറോൾ കിരീടം നേടിയ
ശ്രീരാമകൃഷ്ണ സ്കൂൾ ടീം.



ബിവിഎൻ നാഷണൽ
ഫുട്ബോൾ മത്സരത്തിൽ പങ്കെടുത്ത
സരസ്വതി വിദ്യാനികേതനിലെ വിദ്യാർത്ഥികൾ

